**സ്വന്തം ലൈംഗിക അസ്തിത്വത്തെക്കുറിച്ചു മാത്രം ഒരാൾ എപ്പോഴും ബോധവാനായിരിക്കേണ്ടി വരിക എന്നത് ഒരുദുരവസ്ഥ തന്നെ.**

**പോൾസൺ റാഫേൽ**

# ഒരമ്പത്തഞ്ചുകാരന്റെ ചിതറിയ ചിന്തകളും വിഹ്വലതകളും

**ആഗ്രഹത്തിനും** ആവേശത്തിനും കുറവില്ലെങ്കിലും പ്രയോഗത്തിൽ പഴയ മൂർച്ചയും ശൗര്യവും ഇല്ല. രതിദേവി എന്നു പലർക്കും പേരുണ്ടെങ്കിലും ശരിക്കും രതിയുടെ ദേവി ആരാണാവോ? നല്ല ഒരു ദേവി വേണ്ടതാണ്. കാമദേവന് പൊതു ആണുങ്ങളോട് അത്രപ്രിയം പോരാ. ചെറുപ്പക്കാരി സുന്ദരികളെയല്ലാതെ നമ്മളെയൊന്നും തരിപോലുമില്ല പരിഗണന. ഒന്നു രണ്ടു പൂവമ്പൊക്കെ താങ്ങാൻ ഇപ്പോഴും ശേഷിയുണ്ട്. പറഞ്ഞിട്ടെന്തുകാര്യം നമ്മുടെ കാര്യശേഷിയും വൈഭവവും തിരച്ചറിഞ്ഞ് അംഗീകരിക്കാനും അനുമോദിക്കാനും ആർക്കു താൽപര്യം?

നോട്ടത്തിൽ പോലും അല്പം പിഴച്ചാൽ അപ്പോ വരും തോണ്ടിക്കുറി. "വയസ്സന്മാർക്കാണ് ഇളക്കം കൂടുതൽ ഇക്കാലത്ത്." വേണ്ട എന്നുവച്ചാലും അറിയാതെ കണ്ണ് അങ്ങോട്ട് തന്നെ പാളും. കാറ്റിൽ ഇളകിമാറിയ സാരിയുടെ അലുക്കുകളിലേക്ക്. അവളുടെ കണ്ണിലെ ഭാവം കണ്ടാൽ ഭൂമി പിളർന്ന് താഴ്ന്നു പോയെങ്കിൽ എന്നാകും ആഗ്രഹം. പക്ഷെ പിന്നെയും കാര്യങ്ങൾ തഥൈവ.

കട്ടുതിന്നുന്നതു തന്നെയാണ് ഹരം. കാലം കൈവിട്ടു പോയിക്കൊണ്ടിരിക്കുന്നു എന്നതാണ് വേവലാതി – കഴിഞ്ഞ കാലത്തിലായാലും അങ്ങിനെയങ്ങ് ആഘോഷിക്കാനൊന്നും കഴിഞ്ഞില്ല. വൈകിയാണല്ലോ നമുക്കു വിവേകവും ബുദ്ധിയും തെളിയുന്നത്. കാര്യങ്ങളുടെ കിടപ്പ് തിരിച്ചറിഞ്ഞപ്പോഴേക്കും തിരിച്ചറിവിന്റെ പ്രസക്തി തന്നെ ഇല്ലാതായി.

ഇണയുടെ കണ്ണിൽ വിരിയുന്ന അംഗീകാരം തന്നെയാണ് എവറസ്റ്റ് കീഴടക്കുന്നതിനേക്കാൾ, ജീവിതത്തിനർത്ഥം നൽകുന്നത്. ഇണയാൽ തിരഞ്ഞെടുക്കപ്പെടുക എന്നത് സൗഭാഗ്യം തന്നെയാണ്. പ്രേമിക്കാനും പ്രേമിക്കപ്പെടാനുമെല്ലാം ഒരു യോഗം വേണം സുഹൃത്തേ! ജനാധിപത്യവും കല്ല്യാണ സമ്പ്രദായവുമൊക്കെയായി കഷ്ടിച്ച് അരിഷ്ടിച്ച് ജീവിച്ചു പോകുന്നു, ഈ ഞാനും.

ഒരു നിലയ്ക്കു നോക്കിയാൽ ഇതൊക്കെ വലിയ റിസ്കാണ്. എങ്ങിനെയെങ്കിലും കാര്യം നടന്നാലും ബാക്കിയാകുന്നത് ഒരു തരം ഇച്ഛാഭംഗം മാത്രം. കിട്ടാത്ത മുന്തിരി മാത്രമല്ല. ചിലപ്പോൾ കിട്ടിയമുന്തിരിയും പുളിക്കും. പുളിക്കുന്നതായാലും കുറച്ചു മുന്തിരി കിട്ടിയാൽ കൊള്ളാമായിരുന്നു. പെൺകുട്ടികളെല്ലാം കൂടുതൽ സുന്ദരിമാരായിരിക്കുന്നു. പണ്ടുള്ളവരുടെയത്ര സൂത്രങ്ങളും കള്ളത്തരങ്ങളും ഇല്ലെന്നാണ് തോന്നുന്നത്, നമുക്കറിയില്ലാ! ഉറകളും മറ്റു സൂത്രവിദ്യകളുമെല്ലാം കുടുതൽ വ്യാപകമായതുകൊണ്ട് അത്രയ്ക്ക് വേവലാതിപ്പെടാനുമില്ല കാര്യം. തയമ്പും തേയ്മാനവുമൊന്നു വരാനില്ലല്ലോ?

സൂത്രങ്ങളും കള്ളത്തരങ്ങളും വിജയിക്കുന്നതിന്റെ ആവേശം ഒന്നു വേറെ തന്നെയാണ്. സന്യാസിയുടെ തപസ്സു പോലും മറ്റുള്ളവരേക്കാൾ മെച്ചപ്പെട്ടവനാകാനാണ്. മികച്ചതിനെയാണ് തിരഞ്ഞെടുക്കുക എന്നതാണ് അടിസ്ഥാനമായിട്ടുള്ള അറിവ്. തപസ്സ് ചെയ്യുന്നതെന്തിനാണെന്നു മറന്നു പോയവനെപ്പോലെയാണ് മനുഷ്യരിന്ന്. വാക്കിനെ നിന്ദിക്കുകയും ലക്ഷ്യത്തെ തമസ്കരിക്കുകയും ചെയ്യാനാണ് നാം അഹോരാത്രം പ്രയത്നിക്കുന്നത്. വീര്യം അടക്കി നിർത്തി സംഭരിച്ചവരെല്ലാം എന്തായി ആവോ? കൊള്ളാവുന്നവന്റെ ബീജമാണെങ്കിൽ ബാങ്കിൽ കൊടുത്താലും കാശാണ് ഇപ്പോൾ. ലൈംഗികത ഒരു ആഘോഷമൊക്കെ തന്നെ. എന്നാൽ വ്യക്തിപരതയും, സ്വകാര്യതയും, രഹസ്യങ്ങളും മറകളുമൊക്കെതന്നെയാണ് രതിയെ എപ്പോഴും കൂടുതൽ ആസ്വാദ്യകരമാക്കുന്നതെന്നു തോന്നുന്നു.

സ്വന്തം ലൈംഗിക അസ്തിത്വത്തെക്കുറിച്ചു മാത്രം ഒരാൾ എപ്പോഴും ബോധവാനായിരിക്കേണ്ടി വരിക എന്നത് ഒരുദുരവസ്ഥ തന്നെ. ബഹുജനം പലവിധം. ന്യായങ്ങൾ എങ്ങിനെയും ആവാം. വിവേചന ബുദ്ധി സ്വന്തമാണെന്നു തോന്നുമെങ്കിലും ആരുടേയോ ആജ്ഞാനവർത്തികളായ യന്ത്രങ്ങൾ തന്നെയാണല്ലോ നമ്മൾ. ഇനിയും എന്റെ ദൃഷ്ടി നിന്റെ നാഭിയെ പൊള്ളിക്കാതിരിക്കട്ടെ. നിഷ്ഠകളൊക്കെ തെറ്റി തുടങ്ങിയിരിക്കുന്നു. നിഷ്കർഷകതകളിൽ അത്ര ശ്രദ്ധിക്കാറില്ല. കീഴ്ശ്വാസത്തിന്റെ നാറ്റം പോലും താങ്ങാമെന്നായിരുന്നു. ബഷീറിനു പറ്റിയതെന്താണാവോ?

ആകാശമായാലും മേഘമായാലും മരമായാലും മണ്ണായാലും നിതംബത്തിനോടും മാറിനോടും ഉപമിച്ചാലെ അലങ്കാരവും ശീൽക്കാരവുമെല്ലാം കാവ്യാനുസൃതമാകു.